പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 56 — 02.12.2014-ൽ മറുപടിയ്ക്ക്

## പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ആസൂത്രണത്തിലെ വൈകല്യങ്ങൾ മൂലമാണ് പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങി സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴി നിലനിർത്തുന്നതിന് സാധിക്കാതിരുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വാങ്ങി സംസ്ഥാനത്ത് എത്തിക്കുന്നതിന് പ്രസരണ ഇടനാഴി നിലനിർത്തുന്നതിന് സാധിക്കാതിരിക്കുന്നത് ആസൂത്രണത്തിലെ വൈകല്യം മൂലമല്ല.<br><br>കേരളത്തിന്റെ വൈദ്യുത ആവശ്യകത കണക്കിലെടുത്ത് 2014 മാർച്ച് മാസം 1-ാം തീയതി മുതൽ ലഭ്യമാകത്തക്ക രീതിയിൽ 400 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് NVVN, PTC-യുമായി കരാറിലേർപ്പെട്ടുകയും 2013 ജൂൺ മാസം തന്നെ ട്രാൻസ്മിഷൻ ഇടനാഴി അനുവദിക്കുന്നതിന് PGCIL (CTU)-ന് അപേക്ഷ നൽകുകയും ചെയ്തു. എന്നാൽ PGCIL മേയ് മാസത്തിൽ തമിഴ്നാടിനു വേണ്ടി DB Power-ന്റെ അപേക്ഷയിൻമേൽ 2014 ജൂൺ 1 മുതൽ ഇടനാഴി അനുവദിക്കുകയുമുണ്ടായി. ഇതിനെതിരെ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പെറ്റീഷൻ സമർപ്പിക്കുകയും PGCIL-ന്റെ നടപടി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസരണ ഇടനാഴിയുടെ അപര്യാപ്തത മൂലം രാജ്യത്തെ മറ്റ് മേഖലകളിൽ നിന്നും ദക്ഷിണഗ്രിഡിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് സാധിക്കുന്നില്ല. വൈദ്യുതി മിച്ചമായിട്ടുള്ള ഈസ്റ്റേൺ റീജിയൻ, വെസ്റ്റേൺ റീജിയൻ, നോർത്ത് ഈസ്റ്റേൺ റീജിയൻ തുടങ്ങിയ മേഖലകളിൽ നിന്നും ദക്ഷിണ മേഖലയിലേയ്ക്ക് വൈദ്യുതി എത്തിക്കാൻ ദക്ഷിണ ഗ്രിഡിലെ S1 മേഖലയിൽ നിന്നും S2 മേഖലയിലേയ്ക്കുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത മൂലം സാധിക്കുന്നില്ല. ടി കാരണങ്ങളാലാണ് വൈദ്യുതി എക്സ്ചേഞ്ചുകളിൽ നിന്നും ആവശ്യത്തിനുള്ള വൈദ്യുതി വ്യാപാരം നടക്കാത്തത്. |

(ബി) സംസ്ഥാനത്തേയ്ക്ക് പ്രസരണ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിക്കുന്ന 400 കെ.വി. മൈസൂർ-അരീക്കോട് ലൈനിന്റെയും, 400 കെ.വി. ഇടമൺ-കൊച്ചി ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ 'Right of Way'-യിലെ തർക്കങ്ങൾ കാരണം തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്ത് ക്രിയാത്മക നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) മൈസൂർ-അരീക്കോട് ലൈനിന്റെ കർണ്ണാടക ഭാഗത്തെ റൂട്ടിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് കേരളത്തിലെയും കർണ്ണാടകത്തിലെയും മുഖ്യമന്ത്രിമാരുടെ തലത്തിൽ കത്തിടപാടുകളും ചർച്ചകളും നടന്നു വരുന്നു. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. കൂടാതെ Central Electricity Authority, SRPC തുടങ്ങിയ ഫോറങ്ങളും ചർച്ചകൾ നടത്തി തടസ്സങ്ങൾ മാറ്റുന്നതിനു വേണ്ട മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.

ഇടമൺ - കൊച്ചി 400 കെ.വി റൂട്ടിലേക്കായി മാത്രം 19-08-2014-ലെ (എം. എസ്) 27/14/ഊ. വ നമ്പർ ഉത്തരവു പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരികയാണ്. ബന്ധപ്പെട്ട ജന പ്രതിനിധികളേയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 04-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ ഓരോ പ്രവൃത്തിയും ആരംഭിച്ചതെന്നാണെന്നും എന്നത്തേയ്ക്ക്, പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) ഇടമൺ - കൊച്ചി പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനത്തിന് 2008-ൽ കരാർ നല്കുകയും, 2010 മാർച്ചിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും ചെയ്തു. മൈസൂർ - അരീക്കോട് ലൈൻ 2006-ജനുവരിയിൽ നിർമ്മാണമാരംഭിക്കുകയും 2007- ഡിസംബറോടുകൂടി ആയത് പൂർത്തിയാക്കാൻ ലക്ഷ്യമിടുകയും ചെയ്തിരുന്നു.

(ഇ) പ്രവൃത്തികൾ മുടങ്ങിയതു കാരണം പദ്ധതി ചെലവിലുണ്ടായ വർദ്ധനവും സംസ്ഥാനത്തിനുണ്ടായ നഷ്ടവും വിലയിരുത്തിയിട്ടുണ്ടോ ?

(ഇ) ഇല്ല.

സെക്ഷൻ ഓഫീസർ.